ഹൈസ്കൂൾ പ്ലസ് ടു തലംവരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ

88 (1143) ശ്രീ. കെ. വി. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ലെ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ, പ്ലസ് ടു തലം വരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ എത്രമാത്രമായിരിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദമാക്കാമോ ;

(സി) ഇനിയുള്ള വർഷങ്ങളിൽ പ്ലസ് ടു സ്കൂളുകളുടെയും കോളേജുകളുടെയും എണ്ണം എത്രയായിരിക്കണമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിനായി ഏതെങ്കിലും ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) 2016-ൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്ലസ് ടു/ഡിഗ്രി കോഴ്സുകളുടെ എണ്ണം എത്രയായിരിക്കണമെന്നും ഓരോ മേഖലയിലും എത്ര വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളും സീറ്റുകളും ഉണ്ടായിരിക്കണമെന്നും കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ഹയർ സെക്കന്ററിതലത്തിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും കണക്കായിട്ടില്ല. ഹൈസ്കൂൾ കോളേജ്തലം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രൈവറ്റ് എയ്ഡഡ് എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകൾ

89 (1144) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രൈവറ്റ് എയ്ഡഡ് എഡ്യൂക്കേഷൻ സെക്ടറിലെ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകൾ വിവിധ ക്യാറ്റിഗറികളിൽ എത്ര വീതമായിരുന്നു ; ഇപ്പോൾ അവ ഓരോന്നും എത്ര വീതമാണ് ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഉള്ള മൊത്തം വിദ്യാഭ്യാസ സ്ഥാപനങ്ങളെ എത്ര ശതമാനമാണ് പ്രൈവറ്റ് എയ്ഡഡ് മേഖലയിൽ ;

(സി) 2013-14-ൽ വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുകയുടെ എത്ര ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്ക് ചെലവഴിക്കുകയുണ്ടായി ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly